RESEARCH ARTICLE

DOI: 10.34256/ijmrd2131

INDIAN JOURNAL OF
MULTILINGUAL RESEARCH AND DEVELOPMENT

Asian Research Association

# The Role of Print Media in Kerala Renaissance

## കേരളനവോത്ഥാനത്തിൽ അച്ചടിമാധ്യമങ്ങളുടെ പങ്ക്

**R. Chandrabose** [a,*]

[a] Department of Malayalam, Central University of Kerala, Kasaragod, Kerala, India
*Corresponding author Email: bosebosechandra@gmail.com
DOI: https://doi.org/10.34256/ijmrd2131
Received 26-06-2021; Revised 30-06-20212; Accept 1-07-2021; Published 5-07-2021

**Abstract:** Mass media especially print media, act as a catalyst in the growth and development of modern democratic societies. Several studies has proven the role of printing in the evolution of the idea of the nation state, nationalist ideologies, and standardisation of language, printing and journalism acted as a catalyst in the formation of Kerala public sphere in the surge of the ideologies and activism that resulted in Kerala Renaissance. A diachronic survey of Malayalam print media, which started in the nineteenth century, illustrate the formation of the ideological pathways of the Kerala Renaissance. The survey proves the significant role of the print media in effecting the diverse ideological under currents of colonial administration, indigenous spiritual figures and movements western Christian missionary groups etc. to fashion Kerala modernity. This study focuses on the role of the print media in steering Malayali consciousness towards modernity, enlightenment, humanism and the idea of nation state.

**Keywords:** Kerala Modernity, Fourth Estate, Colonial modernity, Freedom of the Press, Kerala Model, News paper Regulation Act.

**Subject Specialization:** Malayalam

## About the Author



**Dr.R. Chandrabose,** working as an Assistant professor in the Department of Malayalam, under School of languages and comparative literature, Central University of Kerala, The Central University of Kerala is located in Kasargod, a district of Kerala, came into being in2009,under the centraluniversities act 2009. Dr.R.Chandrabose authored three books in Malayalam, Myth and modern Malayalam poetry, Nation of poetry, Book of life and death.

## ആമുഖം

'ജാതിഭേദം മതദ്വേഷം

ഏതുമില്ലാതെ സർവരും

സോദരത്വേന വാഴുന്ന

മാതൃകാസ്ഥാനമാണിത്'

അധഃസ്ഥിതർക്കായി നിർമ്മിച്ച ക്ഷേത്രഭിത്തിയിൽ ശ്രീനാരായണഗുരു കുറിച്ചിട്ട ഈ വരികൾ നവോത്ഥാന കേരളനിർമ്മിതിയിലേക്കു നയിച്ച താക്കോൽ വാക്കുകളായിരുന്നു. 1888 ൽ ആയിരുന്നു ഗുരു അരുവിപ്പുറത്ത് ക്ഷേത്രപ്രതിഷ്ഠ നടത്തിയത്. നൂറ്റാണ്ടുകളായി നിലനിന്ന സവർണയാഥാസ്ഥിതികതയ്ക്കെതിരായ പ്രത്യക്ഷകലാപമായിരുന്നു അത്.

കേരളനവോത്ഥാനമെന്നത് ഒരു സാംസ്കാരികപദ്ധതിയും രാഷ്ട്രീയ ധാർമ്മിക പദ്ധതിയുമായിരുന്നു. സമൂഹത്തിന്റെ മേൽത്തട്ടുമുതൽ കീഴ്ത്തട്ടുവരെ ഇളക്കിമറിച്ച സമഗ്രമായ പരിവർത്തനമായിരുന്നു അത്. അനുകരണീയമായ സാമൂഹിക മാനവിക വികസനമാതൃക കേരളം രൂപപ്പെടുത്തിയത് പല കൈവഴികളിലായി നടന്ന സാമൂഹിക സാമുദായിക പരിഷ്കരണപ്രവർത്തനങ്ങളിലൂടെയാണെന്നു കാണാം. സമ്പൂർണ്ണ സാക്ഷരത, ഭൂപരിഷ്കരണം, പൊതുജനാരോഗ്യ സംവിധാനം, കുടുംബാസൂത്രണം, വിദ്യാഭ്യാസവ്യാപനം തുടങ്ങിയവയാണ് ലോകശ്രദ്ധ നേടിയ കേരളവികസന മാതൃക. ഈ നേട്ടങ്ങളിലേക്ക് കേരളത്തെ എത്തിച്ചതിൽ ചാലകശക്തിയായി വർത്തിച്ചത് അച്ചടിമാധ്യമങ്ങളാണെന്നു കാണാം. യഥാർത്ഥത്തിൽ അച്ചടിമാധ്യമങ്ങളിലൂടെ നിർമ്മിക്കപ്പെട്ട ആധുനികതയായിരുന്നു കേരളത്തിലുണ്ടായത്. കേരളത്തിലെ നവോത്ഥാന പ്രക്രിയയിൽ രാസത്വരകമായി വർത്തിച്ച അച്ചടിമാധ്യമങ്ങളെക്കുറിച്ചും പൊതുമണ്ഡല രൂപീകരണത്തിൽ അവ വഹിച്ച പങ്കിനെക്കുറിച്ചുമാണ് ഈ പ്രബന്ധത്തിൽ അന്വേഷിക്കുന്നത്.

## മിഷനറിമാരുടെ സംഭാവനകൾ

ഇന്ത്യയിലെ ആധുനിക ഭാഷാസാഹിത്യങ്ങളെ ആധുനികതയിലേക്കു സമുദ്ധരിക്കുന്നതിൽ മിഷനറിമാർ നൽകിയ സംഭാവനകൾ നിസ്തുലമാണ്. ഇന്ത്യയെന്ന ഭാഷാവൈവിധ്യമേഖലയിലേക്കുള്ള മിഷനറിമാരുടെ കടന്നുവരവ് കൊളോണിയൽ ആധിപത്യത്തിന് മുന്നോടിയും അതിനു സമാന്തരവുമായിരുന്നു. അവികസിതവും അല്പ വികസിതവുമായ പ്രാദേശികഭാഷകളെ പരിഷ്കരിക്കുന്നതിനും ആശയപ്രചാരണത്തിനും വിദ്യാഭ്യാസത്തിനുമുള്ള മാധ്യമമാക്കുന്നതിനും മിഷനറിമാരിലെ ഭാഷാവിദഗ്ദർ നല്കിയ സേവനങ്ങൾ ഇന്ത്യയിലെ ഓരോ പ്രാദേശിക ഭാഷകളുടെയും ചരിത്രത്തിന്റെ ഭാഗമാണ്. ക്രിസ്തുവർഷം ആരംഭം മുതൽ തന്നെ ക്രിസ്തുമതാനുയായികൾ കേരളത്തിൽ വന്നുകൊണ്ടിരുന്നു എന്നാണ് ചരിത്രം പറയുന്നത്. എ.ഡി.15-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ യൂറോപ്പിന്റെ പല ഭാഗങ്ങളിൽ നിന്നും വിവിധ സഭകളുടെ പ്രതിനിധികളായി മിഷനറി സംഘങ്ങൾ എത്തിത്തുടങ്ങിയിരുന്നു. എ.ഡി 1498 ലാണ് വാസ്കോഡിഗാമ പോർച്ചുഗലിൽ നിന്ന് കോഴിക്കോട് വന്നിറങ്ങിയത്. അതിനുമുമ്പു തന്നെ പോർച്ചുഗീസുമിഷനറിമാർ കേരളത്തിൽ പ്രവർത്തിച്ചു തുടങ്ങിയിരുന്നു. മലയാളഭാഷ പഠിക്കുകയും ബഹുജന ആശയവിനിമയത്തിനുള്ള സങ്കേതങ്ങൾ രൂപപ്പെടുത്തുകയുമായിരുന്നു അവർ ആദ്യം ചെയ്തത്. മലയാള ഭാഷയുടെ വളർച്ചയ്ക്ക് വഴിമരുന്നിട്ട മിഷനറിയായിരുന്നു ഫ്രാൻസിസ് സേവ്യർ. തുടർന്ന് പോർച്ചുഗൽ, സ്പെയിൻ, ഹോളണ്ട്, ഫ്രാൻസ്, ഇറ്റലി, ജർമ്മനി, ഇംഗ്ലണ്ട് തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് മിഷനറി സംഘങ്ങൾ കേരളത്തിലെത്തി. ഇതിൽ അച്ചടിക്കും ഭാഷാവികാസത്തിനും ഗണ്യമായ സംഭാവനകൾ നൽകിയവരാണ് ആഞ്ചലോ ഫ്രാൻസിസ്, അർണോസ്പാതിരി, ബഞ്ചമിൻബെയ്ലി, ഡോ.ഹെർമ്മൻ ഗുണ്ടർട്ട് എന്നിവർ. ആശയവിനിമയത്തിന് പ്രാദേശികഭാഷ പഠിക്കുക എന്ന ഉപകരണയുക്തിക്കപ്പുറം ഭാഷാപഠനത്തിനായി അവർ ആവിഷ്കരിച്ച രീതിശാസ്ത്രം സാമാന്യജനങ്ങൾക്കിടയിൽ പ്രചരിപ്പിക്കുവാൻ അവർ ശ്രമിച്ചു. നിഘണ്ടു, വ്യാകരണം തുടങ്ങിയ അടിസ്ഥാന ഗ്രന്ഥങ്ങൾ നിർമ്മിച്ചതും അച്ചടി ഏർപ്പെടുത്തിയതും മിഷനറിമാരായിരുന്നു. ഭാഷാദേശീയതയുടെ ഉയിർപ്പിന് പശ്ചാത്തലമൊരുക്കിയ ബൃഹത്തായ സാംസ്കാരിക പദ്ധതിയായിരുന്നു മിഷനറിമാർ നടപ്പാക്കിയത്. മിഷനറി സാംസ്കാരിക, ആത്മീയ പ്രവർത്തനങ്ങളുടെ ഒരു ഉപോല്പന്നം എന്ന നിലയിലായിരുന്നു പത്രങ്ങളുടെ ആവിർഭാവം. "മലയാള പത്രപ്രവർത്തനത്തിന്റെ തുടക്കം യഥാർത്ഥത്തിൽ കേരളത്തിലെ നവോത്ഥാനത്തിന്റെ തുടക്കമാണ്. മലയാളം ഒരു സ്വതന്ത്രഭാഷയായി വിശേഷിച്ച് ഗദ്യമെഴുതുന്ന ഭാഷയായി തുടങ്ങിയത് പത്രങ്ങളിൽക്കൂടിയാണ്. മലയാളപത്രപ്രവർത്തനത്തിന്റെ ചരിത്രത്തിലെ ആദ്യഘട്ടത്തിൽ തന്നെ ആധുനിക ആശയങ്ങൾ പ്രചരിപ്പിക്കുന്നതിന് പദ്യത്തേക്കാൾ കൂടുതൽ ഗദ്യം ഉപയോഗിക്കുക എന്ന രീതി വന്നു അത് കേരളത്തിലെ നവോത്ഥാനത്തിന്റെ തുടക്കമാണ്" എന്ന് ഇ.എം.എസ് രേഖപ്പെടുത്തുന്നു (സുവർണരേഖ, പു.10).

1847 ജൂണിൽ തലശ്ശേരിയിലെ ഇല്ലിക്കുന്നിൽ നിന്ന് ഡോ.ഹെർമ്മൻഗുണ്ടർട്ട് കൈകൊണ്ടെഴുതി കല്ലച്ചിൽ അച്ചടിച്ചിറക്കിയ രാജ്യസമാചാരം എന്ന മതപ്രചാരണ മാസികയിൽ നിന്നാണ് മലയാളപത്രപ്രവർത്തനത്തിന്റെ ചരിത്രം ആരംഭിക്കുന്നത്. ഗുണ്ടർട്ടിന്റേത് മതപ്രചാരണം എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പത്രമായിരുന്നുവെങ്കിൽ, 1848 നവംബറിൽ കോട്ടയത്തു നിന്ന് ബെഞ്ചമിൻബെയ്ലി പ്രസിദ്ധീകരിച്ച ജ്ഞാനനിക്ഷേപം ഏറെക്കുറെ ആധുനികമായ പത്രപ്രവർത്തനഘടകങ്ങൾ പുലർത്തിയവയായിരുന്നു. വാർത്തകൾ, ഉപന്യാസങ്ങൾ, ശാസ്ത്രക്കുറിപ്പുകൾ, സർക്കാർ അറിയിപ്പുകൾ എന്നിവ ഉൾപ്പെടുത്തി മതേതരസ്വഭാവത്തോടെയായിരുന്നു ഈ മാസിക പുറത്തിറങ്ങിയത്. മലയാളം അച്ചടിയുടെ പിതാവെന്നറിയപ്പെടുന്ന ബെഞ്ചമിൻബെയ്ലി തന്നെയാണ് ആധുനികരീതിയിലുള്ള പത്രപ്രവർത്തനത്തിന്റെയും പ്രാരംഭകൻ. 'വിദ്യാധനം സർവ്വധനാൽ പ്രധാനം' എന്നായിരുന്നു ബെയ്ലിയുടെ പത്രത്തിന്റെ മുഖവാക്യം. മലയാളഭാഷയ്ക്കും സാഹിത്യത്തിനും പത്രപ്രവർത്തനത്തിനും ഗണനീയമായ സംഭാവനകൾ നൽകിയ ബെഞ്ചമിൻബെയ്ലി മിഷനറി പ്രവർത്തനത്തിന് 25-ാംമത്തെ വയസ്സിലാണ് കേരളത്തിലെത്തിയത്. 35 കൊല്ലത്തോളം കേരളത്തിൽ പ്രവർത്തിച്ച ബെയ്ലി കേരളത്തിന്റെ ആധുനീകരണത്തിൽ നിസ്തുലമായ സംഭാവനകൾ നൽകി. അടിമകളുടെ വിമോചകൻ എന്ന നിലയിലും ദക്ഷിണേന്ത്യയിലെ ആദ്യത്തെ കോളേജിന്റെ പ്രിൻസിപ്പാൾ എന്ന നിലയിലും അദ്ദേഹം നിത്യസ്മരണീയനാണ്. കേരളത്തിൽ അച്ചടിയന്ത്രം സ്ഥാപിച്ചതും മലയാളപുസ്തകം അച്ചടിച്ചതും അച്ചടിച്ച പത്രം തുടങ്ങിയതും മാത്രമല്ല ബെയ്ലിയുടെ സംഭാവനകൾ ഇന്നു കാണുന്നമട്ടിൽ മലയാളം ലിപി പരിഷ്കരിച്ച് ഭംഗി വരുത്തിയതും ഇംഗ്ലീഷിൽ നിന്ന് മലയാളത്തിലേക്ക് ആദ്യമായി പുസ്തകങ്ങൾ തർജ്ജമ ചെയ്തതും ബെയ്ലിയാണ്. ബൈബിൾ പുതിയനിയമവും പഴയനിയമവും പൂർണമായി ആദ്യം മലയാളത്തിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിച്ച അദ്ദേഹം മലയാളത്തിലെ ആദ്യത്തെ ഇംഗ്ലീഷ്-മലയാളം, മലയാളം-ഇംഗ്ലീഷ് നിഘണ്ടുക്കളുടെ കർത്താവുകൂടിയാണ്.

തലശ്ശേരിയിലെ ബാസൽമിഷൻ 1847 ൽ പശ്ചിമോദയം എന്നൊരു പത്രം കൂടി പ്രസിദ്ധീകരിക്കുകയുണ്ടായി. പാശ്ചാത്യവിജ്ഞാനവുമായി ജനങ്ങളെ പരിചയപ്പെടുത്തുക, അവരിൽ ശാസ്ത്രബോധം വളർത്തുക എന്നിവയായിരുന്നു പശ്ചിമോദയത്തിന്റെ ലക്ഷ്യം. 1851 ൽ പശ്ചിമോദയത്തിന്റെ പ്രസിദ്ധീകരണം നിലച്ചു. രാജ്യസമാചാരം അതിനുമുമ്പേ തന്നെ ഇല്ലാതായിക്കഴിഞ്ഞിരുന്നു. 1848 ൽ കോട്ടയത്തു നിന്നു പുറത്തിറങ്ങിയ ജ്ഞാനനിക്ഷേപം പശ്ചിമോദയത്തെക്കാൾ പത്രധർമ്മം പുലർത്തിയിരുന്നു. വിജ്ഞാനവ്യാപനം മാത്രമായിരുന്നു അതിന്റെ ശില്പിയായ ബെഞ്ചമിൻ ബെയ്ലിയുടെ ലക്ഷ്യം. പിന്നീട് സാമൂഹികപരിഷ്കരണമെന്ന ദൗത്യവും അത് ഏറ്റെടുത്തു. ക്രൈസ്തവർക്കു മാത്രമല്ല കേരളത്തിലെ സാമാന്യജനങ്ങൾക്കെല്ലാം ഉപകാരപ്പെടുന്ന പ്രസിദ്ധീകരണായി ജ്ഞാനനിക്ഷേപം വളരണമെന്നാണ് ബെയ്ലി ആഗ്രഹിച്ചത്.

ഗുണ്ടർട്ട്, ബെഞ്ചമിൻ ബെയ്ലി എന്നിവരിലൂടെ ആവിർഭവിച്ച അച്ചടിയും പത്രമാസികാനിർമ്മാണവുമൊക്കെ കേരളത്തിന്റെ സാംസ്കാരികാന്തരീക്ഷത്തെ ആധുനികതയിലേക്കു വളർത്തി എന്നു പറയാം. പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യദശകമാവുമ്പോഴേക്കും വാർത്താപത്രങ്ങളുടെ അഭൂതപൂർവമായ വളർച്ച കേരളത്തിലുണ്ടാവുന്നു. കേരളത്തിലെ ആദ്യത്തെ മതനിരപേക്ഷ വർത്തമാനപത്രമായി ചരിത്രകാരന്മാർ കണക്കാക്കുന്നത്, 1864 ൽ കൊച്ചിയിൽ നിന്ന് ഇറങ്ങിയ 'വെസ്റ്റേൺ സ്റ്റാർ' എന്ന ഇംഗ്ലീഷ് പത്രത്തെയാണ്. 'പശ്ചിമതാരക' എന്ന പേരിൽ അതിന്റെ മലയാളം പതിപ്പും പ്രസിദ്ധീകരിച്ചിരുന്നു. അത് പിന്നീട് 'കേരളപതാക' എന്നൊരു പത്രവുമായി ഒന്നിച്ച് 'പശ്ചിമതാരക-കേരളപതാക' എന്ന പേരിൽ 22 വർഷക്കാലം നിലനിന്നിരുന്നു. പത്തൊൻപതാം നൂറ്റാണ്ടിൽ ആവിർഭവിച്ച മറ്റു പത്രങ്ങൾ താഴെ പറയുന്നവയാണ്. കേരളം (1866), സന്ദിഷ്ടവാദി (1867), ട്രാവൻകൂർ ഹെറാൾഡ് (1867), കേരളോപകാരി (1874), സത്യനാദകാഹളം (1876), മലയാളമിത്രം (1878), തിരുവിതാംകൂർ അഭിമാനി (1878), കേരള ദീപകം (1878), കേരളമിത്രം (1881), കേരളപത്രിക (1884), നസ്രാണിദീപിക (1887), മലയാളമനോരമ (1890).

ഇവയിൽ സത്യനാദകാഹളം, ദീപിക, മനോരമ എന്നിങ്ങനെ രണ്ടുമൂന്നെണ്ണം മാത്രമാണ് ഇന്നും നിലനിൽക്കുന്നത്.

## നവോത്ഥാനം പത്രങ്ങളിലൂടെ

പത്തൊൻപതാംനൂറ്റാണ്ടിന്റെ അന്ത്യദശകങ്ങളിൽ തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നീ മൂന്നു പ്രവിശ്യകളായിക്കിടന്നിരുന്ന കേരളത്തിൽ നവോത്ഥാന ആധുനികതയ്ക്ക് തുടക്കം കുറിച്ച നിരവധി സാംസ്കാരിക രാഷ്ട്രീയ സംഭവങ്ങളുണ്ടായി. അതിൽ പ്രധാനമായിരുന്നു പത്രമാസികകളുടെ ആവിർഭാവം. പരിവർത്തനോന്മുഖമായ ഒരു കാലഘട്ടത്തിന് വൈജ്ഞാനികവും സാമൂഹികവുമായ ദിശാബോധം നൽകുന്നതിന് അക്കാലത്തെ പത്രമാസികകൾക്കു സാധിച്ചു എന്നു പറയാം. പത്തൊൻപതാം നൂറ്റാണ്ടിന്റെ അന്ത്യദശകങ്ങൾ, ആഗോളതലത്തിൽത്തന്നെ പരിവർത്തനങ്ങളുടെ കാലഘട്ടമായിരുന്നു. സ്വാതന്ത്ര്യത്തിനുവേണ്ടിയും മനുഷ്യാവകാശധ്വംസനത്തിനെതിരായും കൊളോണിയൽ വാഴ്ചയ്ക്കെതിരായും ബഹുജനപ്രക്ഷോഭങ്ങൾ മാറ്റൊലിക്കൊണ്ടകാലം. ശാസ്ത്രസാങ്കേതികരംഗത്തെ കുതിച്ചുചാട്ടവും വ്യവസായികവളർച്ചയും ഗതാഗതസംവിധാനങ്ങളുമെല്ലാം ഒരു പുതിയ യുഗപ്പിറവിക്ക് നിമിത്തമായി. കൊളോണിയൽ ആധിപത്യത്തിൻകീഴിലായിരുന്ന ഇന്ത്യയിലും മഹാനഗരങ്ങൾ കേന്ദ്രീകരിച്ച് ഇതിന്റെ അലയൊലികൾ എത്തിച്ചേർന്നിരുന്നു. കൊളോണിയൽ വിദ്യാഭ്യാസം ചിന്തിക്കുന്ന, സ്വാതന്ത്ര്യദാഹികളായ പുതുതലമുറയെ വാർത്തെടുത്തു. മിഷനറിമാർ തുടങ്ങിവെച്ച വിദ്യാഭ്യാസസംരംഭങ്ങളും കൊളോണിയൽ ആധുനികതയുടെ രംഗപ്രവേശവും കേരളത്തിലും ഒരു തരത്തിൽ നവോത്ഥാനമുന്നേറ്റങ്ങൾക്ക് നാന്ദിയായിത്തീർന്നു. പുതിയ ഭാവുകത്വത്തിന്റെയും സാമൂഹികബോധത്തിന്റെയും പിറവി അറിയിച്ചുകൊണ്ട് നോവൽ, ചെറുകഥ, ഭാവഗീതം, നാടകം തുടങ്ങിയ പാശ്ചാത്യമാതൃകയിലുള്ള സാഹിത്യരൂപങ്ങളും ഇക്കാലത്ത് ആവിർഭവിക്കുന്നുണ്ട്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ കേരളീയ നഗരങ്ങൾ ആധുനികതയുടെ ഭൗതികസ്വഭാവം പ്രകടിപ്പിച്ചു തുടങ്ങിയിരുന്നു. ആധുനിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കച്ചവടകേന്ദ്രങ്ങൾ തുടങ്ങിയവ ഈ നഗരങ്ങളെ സാംസ്കാരികവിനിമയ കേന്ദ്രങ്ങളായി വളർത്തി. പാശ്ചാത്യരീതിയിലുള്ള വിദ്യാഭ്യാസം നേടിയ തലമുറ യാഥാസ്ഥിതിക സാമൂഹികവ്യവസ്ഥയെയും കൊളോണിയൽ ആധിപത്യത്തെയും ചോദ്യം ചെയ്തു തുടങ്ങി. മാനവികഗദ്യത്തിന്റെ വളർച്ച, സാഹിത്യപൊതുമണ്ഡലരൂപീകരണത്തിനും അതുവഴി രാഷ്ട്രീയ പൊതുമണ്ഡലം രൂപപ്പെടുന്നതിനും കാരണമായി. ഇത്തരം സാംസ്കാരിക വിസ്ഫോടനത്തിനു ചാലകശക്തിയാകാൻ പത്രങ്ങൾക്ക് സാധിച്ചു. ഒരു തരത്തിൽ കേരളനവോത്ഥാനവും അതിന്റെ പിന്നാലെയുണ്ടായ ആധുനികതയും അച്ചടിയിലൂടെ നിർമ്മിക്കപ്പെട്ടതാണെന്നു പറയാം.

പലതരത്തിലുള്ള അധികാരവ്യൂഹങ്ങൾ അന്നത്തെ ജനജീവിതം ദുഷ്ക്കരമാക്കിയിരിക്കുന്നു. ജന്മി, നാടുവാഴിത്തത്തിലും ജാതീയതയിലും വേരുറച്ചുപോയ, അനാചാരങ്ങൾ നിറഞ്ഞ സാമൂഹികവ്യവസ്ഥ ഒരു വശത്ത്, പാശ്ചാത്യആധുനികതയിലൂടെ സ്വാതന്ത്ര്യബോധമാർജ്ജിച്ച തലമുറ മറുവശത്ത്, എല്ലാറ്റിനും മീതെ കൊളോണിയൽ അധികാരവാഴ്ച, അത്യന്തം കലുഷമായ ഈ സാമൂഹികാന്തരീക്ഷത്തിൽ അഭിപ്രായസ്വാതന്ത്ര്യത്തിന്റെയും അധികാരവിമർശനത്തിന്റെയും ഭാഷയിൽ പത്രങ്ങൾ ജനങ്ങളോടു സംവദിച്ചു. പുതുലോകനിർമ്മിതിക്ക് ഉത്തേജനം നൽകുന്ന ആശയങ്ങളായിരുന്നു അന്നത്തെ പത്രങ്ങളിലുണ്ടായിരുന്നത്. നിർഭയത്വവും നിശ്ചയദാർഢ്യവും അന്നത്തെ പത്രങ്ങളുടെ മുഖമുദ്രയായിരുന്നു. ദുരധികാരത്തിനെതിരായി കലഹിച്ച പത്രങ്ങൾക്ക് എതിരെ പത്രമാരണനിയമങ്ങൾ ഭരണകൂടം പ്രയോഗിച്ചതിന്റെ ദൃഷ്ടാന്തങ്ങൾ, പത്തൊൻപതാം നൂറ്റാണ്ടിലെ തന്നെ പത്രപ്രവർത്തനചരിത്രത്തിൽ കാണുവാൻ കഴിയും. തിരുവിതാംകൂറിൽ ആദ്യമായി പത്രമാരണനിയമത്തിനു വിധേയമായ പത്രം, വെസ്റ്റേൺ സ്റ്റാർ ആയിരുന്നു. ഇതേപ്പറ്റി, കേരളപത്രപ്രവർത്തന ചരിത്രത്തിൽ പുതുപ്പള്ളി രാഘവൻ

രേഖപ്പെടുത്തിയിട്ടുള്ളത് ഇപ്രകാരമാണ്. "കേരളത്തിലെ പ്രത്യേകിച്ച്, തിരുവിതാംകൂറിലെ പത്രപ്രവർത്തനചരിത്രത്തിൽ, ഇംഗ്ലീഷ് വാരികയായിരുന്നെങ്കിൽക്കൂടി വെസ്റ്റേൺസ്റ്റാറിനു പ്രാധാന്യമുണ്ട്. അന്നത്തെ മഹാരാജാവായിരുന്ന വിശാഖം തിരുന്നാളിന്റെയും അദ്ദേഹത്തിന്റെ വിശ്വസ്തദിവാനായിരുന്ന വെമ്പാകം രാമയ്യങ്കാരുടെയും ഭരണത്തെ വിമർശിച്ചുകൊണ്ട് അന്നത്തെ കോളേജ് വിദ്യാർത്ഥിയായിരുന്ന ജി.പരമേശ്വരൻപിള്ള (ബാരിസ്റ്റർ ജി.പി.പിള്ള) ഫ്രീകോർസയർ എന്ന തൂലികാനാമത്തിൽ വെസ്റ്റേൺസ്റ്റാർ പത്രത്തിൽ മുറയ്ക്ക് ലേഖനങ്ങൾ എഴുതിപ്പോന്നിരുന്നു. ഈ വിമർശനങ്ങൾ രാജാവിനെയും മന്ത്രിയെയും വളരെയേറെ അസുഖപ്പെടുത്തിയിരുന്നു. ഇക്കാലത്തുതന്നെ കഴിവുള്ള തദ്ദേശീയരെ തഴഞ്ഞുകൊണ്ട് പരദേശബ്രാഹ്മണരെ തിരുവിതാംകൂറിൽ ഉദ്യോഗസ്ഥന്മാരായി ഇറക്കുമതി ചെയ്യുന്ന ദിവാൻ രാമയ്യങ്കാരുടെ നടപടിയെ നിശിതമായി വിമർശിച്ചുകൊണ്ടുള്ള ഒരു ലേഖനം വെസ്റ്റേൺസ്റ്റാറിൽ വന്നു. ഇത് അന്നത്തെ തിരുവിതാംകൂർ ഭരണാധികാരികളുടെ ഇടയിൽ വല്ലാത്തൊരു കോളിളക്കം സൃഷ്ടിച്ചു. അതിൻഫലമായി ജി.പി.യെയും അദ്ദേഹത്തിന്റെ സഹപാഠികളും ചങ്ങാതികളുമായിരുന്ന നാണുപ്പിള്ള ദിവാൻജിയുടെ മകൻ രാമൻപിള്ളയെയും ദിവാൻ പേഷ്കാർ ആർ.രഘുനാഥറാവുവിന്റെ മകൻ രംഗറാവുവിനെയും വിശാഖം തിരുനാളിന്റെ അനുമതിയോടെ കോളേജിൽ നിന്നു നീക്കം ചെയ്യാൻ ഉത്തരവാകുകയും ചെയ്തു. (പു.48) കോട്ടയം സി.എം.എസ്.പ്രസ്സിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന സന്ദിഷ്ടവാദി (1867) യാണ് സർക്കാരിന്റെ നിരോധനാജ്ഞയ്ക്കു വിധേയമായ ആദ്യപത്രം. ദിവാൻഭരണത്തെ വിമർശിച്ചു എന്നതിന്റെ പേരിലായിരുന്നു നടപടി. കൊച്ചിയിലും ഇക്കാലത്ത് സർക്കാർ പത്രമാരണനിയമം നടപ്പാക്കിയിരുന്നു കൊച്ചിയിൽ സ്ഥിരതാമസമാക്കിയ ദേവ്ജിഭീംജി എന്ന ഗുജറാത്തി വ്യവസായി കേരളമിത്രം എന്ന പേരിൽ ഒരു പ്രിന്റിംഗ് പ്രസ്സ് സ്ഥാപിച്ചിരുന്നു. അന്നത്തെ ഭരണാധികാരികളിൽ നിന്ന് പല ക്ലേശങ്ങളും അദ്ദേഹത്തിനു നേരിടേണ്ടിവന്നിരുന്നു എന്നാണ് ചരിത്രം. അച്ചടിക്കുന്നതെല്ലാം പോലീസുദ്യോഗസ്ഥരെ കാണിച്ച് അനുമതി വാങ്ങണമെന്ന നിയമം കൊച്ചി സർക്കാർ നടപ്പാക്കി. അതിനെതിരെ അദ്ദേഹം കോടതിയെ സമീപിച്ചു ഒരു വർഷത്തോളം കേരളമിത്രം പ്രസ്സ് അടച്ചിടേണ്ടി വന്നു. ഗത്യന്തരമില്ലാതെ അന്നത്തെ റസിഡണ്ടായിരുന്ന ഹെന്റി നൊവിലിനെ സമീപിച്ച് അച്ചടിശാലതുറന്നു. 1881 ജനവരി 1 ന് കേരളമിത്രം പത്രം ഈ പ്രസ്സിലൂടെ പുറത്തുവന്നു. പിൽക്കാലത്ത് മലയാളമനോരമ എന്ന സ്ഥാപനത്തിലൂടെ മലയാളപത്രപ്രവർത്തന ചരിത്രത്തിൽ നൂതന അധ്യായം എഴുതിച്ചേർത്ത, കണ്ടത്തിൽ വറുഗീസ്മാപ്പിളയായിരുന്നു കേരളമിത്രത്തിന്റെ ആദ്യപത്രാധിപർ. പത്രസ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതി വിജയിച്ച ആദ്യപത്രമെന്ന ബഹുമതിയും കേരളമിത്രത്തിന് അവകാശപ്പെട്ടതാണ്. പത്രപ്രവർത്തനത്തിലെ ധീരതയുടെ പാഠങ്ങൾ കണ്ടത്തിൽ വറുഗീസ്മാപ്പിള, കേരളമിത്രത്തിൽ നിന്നാണ് സ്വായത്തമാക്കിയത് എന്നു പറയാം. കേരളമിത്രം പലതുകൊണ്ടും മലയാളപത്രപ്രവർത്തനചരിത്രത്തിൽ ജനാഭിമുഖമായ ഒരു ശൈലി സൃഷ്ടിച്ചു. പൗരജനങ്ങളുടെ ആശയാഭിലാഷങ്ങൾക്ക് രൂപം കൊടുക്കാനും പൗരാവകാശങ്ങൾക്കുവേണ്ടി ശക്തിയുക്തം വാദിക്കാനും ഭരണാധികാരികളുടെ ദുഷ്പ്രവൃത്തികളെ നിശിതമായി വിമർശിക്കാനും (പുതുപ്പള്ളി രാഘവൻ, 2008, പു.62) മലയാളപത്രങ്ങൾ മുന്നോട്ടുവന്നതിന്റെ തുടക്കമായി കേരളമിത്രത്തെ ചരിത്രകാരന്മാർ കാണുന്നു. കേരളമിത്രമാണ് മലയാളത്തിലെ ആദ്യത്തെ യഥാർത്ഥവർത്തമാനപത്രം എന്ന് 'മലയാളപത്രത്തിന്റെ കഥ' എന്ന കൃതിയിൽ പെരുന്ന കെ.എൻ.നായർ രേഖപ്പെടുത്തിയിരിക്കുന്നു (1976,പു.15).

## സാഹിത്യപൊതുമണ്ഡലം

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിലെ പത്രമാസികകളുടെ വളർച്ച ഏറ്റവും ഗുണകരമായിത്തീർന്നത് ഭാഷയ്ക്കും സാഹിത്യത്തിനുമായിരുന്നു. അവയുടെ മാനവീകരണം വഴി ഭാഷയിൽ അധിഷ്ഠിതമായ കേരളദേശീയത എന്ന ബോധം വളർത്താനും പിന്നീട് ഐക്യകേരള പ്രസ്ഥാനം പോലുള്ള രാഷ്ട്രീയമുന്നേറ്റങ്ങൾക്ക് ആശയപശ്ചാത്തലമൊരുക്കാനും പത്രമാസികകൾക്ക് കഴിഞ്ഞു. മനോരമയും

ഭാഷാപോഷിണി(1898)യും പോലുള്ള പ്രസിദ്ധീകരണങ്ങൾ സാഹിത്യത്തിന് അമിതപ്രാധാന്യം നൽകിയിരുന്നു. അന്ന് ഒരു പക്ഷേ സാഹിത്യപൊതുമണ്ഡല രൂപീകരണം ഒരനിവാര്യതയായി പ്രസിദ്ധീകരണങ്ങൾ കണക്കാക്കി. എഴുത്തുകാർക്ക് ആശയാവിഷ്ക്കരണത്തിന് മറ്റൊരു വേദിയില്ലാതിരുന്നതുകൊണ്ടാകാം പത്രങ്ങൾ സാഹിത്യവേദി കൂടിയായി പ്രവർത്തിച്ചത്. തിരു-കൊച്ചി-മലബാർ എന്ന് മൂന്നായി രാഷ്ട്രീയമായി വിഭജിക്കപ്പെട്ടിരുന്ന അന്നത്തെ കേരളത്തെ ആശയപരമായി ഏകോപിപ്പിക്കാൻ ഭാഷാപോഷിണിയിലെ സാഹിത്യപംക്തികളിലൂടെ സാധ്യമായി.

## രാഷ്ട്രീയ ശാക്തീകരണങ്ങൾ

സാഹിത്യപൊതുമണ്ഡലത്തിനു സമാന്തരമായി രാഷ്ട്രീയവും സാമുദായികമായ ശാക്തീകരണത്തിനും ചില പത്രങ്ങൾ വേദിയൊരുക്കി. കേരളത്തിന്റെ നവോത്ഥാന മുന്നേറ്റത്തിൽ നിസ്തുലസംഭാവനകളർപ്പിച്ച പത്രങ്ങളിലൊന്നാണ് സി.വി.രാമൻപിള്ള പത്രാധിപരായിരുന്ന മലയാളി (1884). തിരുവിതാംകൂറിലെ ജനകീയ മുന്നേറ്റത്തിൽ ചുക്കാൻ പിടിക്കാൻ കഴിഞ്ഞു എന്നതാണ് ഈ പ്രസിദ്ധീകരണത്തെ എക്കാലവും ഓർമ്മിക്കാൻ കാരണം. തിരുവിതാംകൂർ ഗവൺമെന്റ്സർവ്വീസിൽ അർഹമായ പ്രാതിനിധ്യം നൽകണമെന്നാവശ്യപ്പെട്ട് നായർ, ഈഴവ-ക്രിസ്ത്യൻ വിഭാഗത്തിൽപ്പെട്ട പതിനായിരത്തിൽപ്പരം അഭ്യസ്തവിദ്യർ ഒപ്പിട്ട് സർക്കാരിനു നൽകിയ ഭീമഹർജിയും പ്രക്ഷോഭരേഖയുമാണ് മലയാളി മെമ്മോറിയൽ എന്നറിയപ്പെടുന്നത്. 1891 ജനുവരി 1 ന് സമർപ്പിക്കപ്പെട്ട ഈ ഹർജിക്കുപിന്നിൽ പ്രവർത്തിച്ചബുദ്ധികേന്ദ്രം 'മലയാളി' പത്രാധിപരായിരുന്നു. തിരുവിതാംകൂറിന്റെ രാഷ്ട്രീയചരിത്രത്തിലെ ജനകീയ പ്രക്ഷോഭരേഖയായി ഇതിനെകണക്കാക്കുന്നു. 1887 ഏപ്രിൽ 15 ന് മാന്നാനം സെന്റ് ജോസഫ് പ്രസ്സിൽ നിന്ന് പ്രസിദ്ധപ്പെടുത്തിത്തുടങ്ങിയ നസ്രാണിദീപികയാണ് 19-ാം നൂറ്റാണ്ടിലുണ്ടായ ഒരു പ്രധാനപത്രം. ദീപിക എന്ന പേരിൽ ഈ പത്രം ഇന്നും നിലനിൽക്കുന്നു. പ്രസിദ്ധീകരണരംഗത്ത് ജോയിന്റ്സ്റ്റോക്ക് കമ്പനി എന്ന ആശയം ആദ്യമായി പ്രാവർത്തികമാക്കിയത്. മലയാളമനോരമയുടെ സ്ഥാപകനായ കണ്ടത്തിൽ വറുഗീസ്മാപ്പിളയായിരുന്നു. 1890 മാർച്ച് 22 മുതൽ ശനിയാഴ്ചതോറും മനോരമ വാരികയായി പ്രസിദ്ധപ്പെടുത്തിത്തുടങ്ങി. 1892 ജനുവരി 26 മുതൽ മനോരമ ദിനപത്രമായി. തിരുവിതാംകൂറിൽ പത്രമാസികകളുടെ ആവിർഭാവത്തിൽ ഒരു മുന്നേറ്റം തന്നെയുണ്ടായെങ്കിലും അത്തരം ബാഹുല്യം മലബാറിൽ ദൃശ്യമായില്ല എങ്കിലും, 1884 ൽ ചെങ്കുളത്തുകുഞ്ഞിരാമമേനോൻ തുടങ്ങിയ കേരളപത്രിക മലബാറിന്റെ രാഷ്ട്രീയ സാംസ്കാരിക ചരിത്രത്തിൽ ഉണ്ടാക്കിയ വിപ്ലവം ചെറുതല്ലായിരുന്നു. അതിനിശിതമായ രാഷ്ട്രീയ നിലപാട് ഉണ്ടായിരുന്നു ഈ പത്രത്തിന്. ഉദ്യോഗസ്ഥദുഷ്പ്രഭുത്വത്തിനെതിരെ കടുത്ത വിമർശനമാണ് ഈ പത്രം ഉയർത്തിയത്. പരിഷ്കൃതവും ചടുലവുമായ ഒരു പത്രശൈലി മലയാളത്തിൽ ആദ്യം പരിചയപ്പെടുത്തിയത് ചെങ്കുളത്തു കുഞ്ഞിരാമ മേനോനായിരുന്നു. കൽക്കത്തയിൽ നടന്ന ഇന്ത്യൻ നാഷണൽ അസോസിയേഷന്റെ ദേശീയസമ്മേളനത്തിൽ പങ്കെടുത്ത കുഞ്ഞിരാമമേനോൻ, കൽക്കത്തയിലെ നവോത്ഥാനവും അവിടത്തെ അമൃതബസാർ പത്രികയും പരിചയപ്പെട്ടതിന്റെ ആവേശത്തിലാണ് കേരളപത്രിക തുടങ്ങിയത് എന്ന് ചരിത്രകാരന്മാർ ഊഹിക്കുന്നു. ഏതായാലും പത്രപ്രവർത്തനത്തിലെ ധീരനൂതനമായ പല മാതൃകകളും കേരളപത്രികയിലൂടെ അദ്ദേഹം നടപ്പാക്കി. "പത്രസ്വാതന്ത്ര്യത്തിൽ അടിയുറച്ചു വിശ്വസിച്ച് പൊതുജനങ്ങളെ ഭരണകർത്താക്കളുടെ പാളിച്ചകളെപ്പറ്റിയും അനീതികളെപ്പറ്റിയും ബോധ്യപ്പെടുത്താൻ പത്രപംക്തികൾ ഉപയോഗിച്ച ആദ്യകാല പത്രാധിപന്മാരിൽ അഗ്രഗണ്യനായിരുന്നു ചെങ്കുളം. സാഹിത്യത്തിനും സാഹിത്യനിരൂപണത്തിനും മാത്രമല്ല, പത്രികയിൽ പ്രോത്സാഹനം കിട്ടിയത് അന്താരാഷ്ട്രകാര്യങ്ങൾ, ദേശീയത, രാഷ്ട്രമീമാംസ, പൊതുകാര്യങ്ങൾ എന്നുവേണ്ട, ഇന്നത്തെ പത്രങ്ങളിൽ വരുന്ന എല്ലാത്തരം ഹാർഡ് ന്യൂസും ഈ വാരികയിൽ അവതരിപ്പിക്കാൻ പത്രാധിപർ മുൻകൈയെടുത്തു". (ഡോ.ജെ.വി.വിളനിലം, 150 വർഷത്തെ മലയാളപത്രപ്രവർത്തനം, സുവർണരേഖ, കേസരി സ്മാരക ജേണലിസ്റ്റ് ട്രസ്റ്റ്, പു.93).

യഥാർത്ഥത്തിൽ മലയാള പത്രപ്രവർത്തനത്തിന്റെ പിതാവ് എന്ന ബഹുമതിക്കർഹമാണ് ചെങ്കുളത്ത് കുഞ്ഞിരാമമേനോനെന്ന് ചില ചരിത്രകാരന്മാർ അവകാശപ്പെടുന്നുണ്ട്. കേരളപത്രിക സ്ഥാപിതമായതിന്റെ അടുത്തവർഷമാണ് (1885) ബോംബെയിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് രൂപീകരിക്കുന്നത്. അന്നുമുതൽ കേരള പത്രിക കോൺഗ്രസ്സിന്റെ മുഖപത്രം പോലെയാണ് പ്രവർത്തിച്ചിരുന്നത് എന്ന് മൂർക്കോത്ത്കുഞ്ഞപ്പ രേഖപ്പെടുത്തിയിട്ടുണ്ട്. (കേരളപത്ര പ്രവർത്തനചരിത്രം, പു.66). 1878 ൽ മംഗലാപുരത്തുനിന്ന് അച്ചടിച്ച കേരളോപകാരി മാസിക, 1879 ൽ തുടങ്ങി മലബാർ സ്പെക്ടേറ്റർ (ഇംഗ്ലീഷ് വാരിക) 1886 ൽ തുടങ്ങിയ കേരളസഞ്ചാരി എന്നിവയും മലബാറിലെ പത്രചരിത്രത്തിലെ ഗണനീയ പ്രസിദ്ധീകരണങ്ങളായിരുന്നു.

## വിജ്ഞാനവ്യാപനം

പത്രങ്ങളെക്കൂടാതെ പത്തൊൻപതാംനൂറ്റാണ്ടിന്റെ അവസാനദശകങ്ങളിൽ തിരു-കൊച്ചി-മലബാർ പ്രവിശ്യകളിൽ നിന്ന് നിരവധി സാഹിത്യമാസികകളും പ്രസിദ്ധീകരിച്ചിരുന്നു. ഭാഷാപോഷിണി(1898)യെക്കൂടാതെ വിദ്യാവിനോദിനി(1899) രസികരഞ്ജിനി(1903), ജനരഞ്ജിനി(1890), വിവേകോദയം(1904) തുടങ്ങിയ മാസികകൾ അക്കാലത്ത് സാഹിത്യത്തോടൊപ്പം ഇതരവിജ്ഞാനമേഖലകൾക്കും പ്രാധാന്യം നൽകിയിരുന്നു. പൊതുവിജ്ഞാനം, ശാസ്ത്രം, കൃഷി, ചരിത്രം, ഭൂമിശാസ്ത്രം, വ്യവസായം തുടങ്ങിയ നാനാവിഷയങ്ങളെക്കുറിച്ചുള്ള ലേഖനങ്ങൾ അവയിൽ പ്രസിദ്ധീകരിച്ചിരുന്നു. കേരളത്തിന്റെ വൈജ്ഞാനിക അഭിവൃദ്ധിക്ക് സാഹിത്യമാസികകൾ വഹിച്ചപങ്കും പരിഗണിക്കേണ്ടതാണ്. എ.ആർ.രാജരാജവർമ്മ, ചേലനാട്ട് അച്യുതമേനോൻ, സി.എച്ച്. ഗോപാലപ്പണിക്കർ, മൂർക്കോത്ത് കുമാരൻ, കെ.സുകുമാരൻ, സി.അന്തപ്പായി, വേങ്ങയിൽ കുഞ്ഞിരാമൻനായനാർ, കുഞ്ഞിക്കുട്ടൻതമ്പുരാൻ തുടങ്ങി അക്കാലത്തെ പ്രമുഖസാഹിത്യകാരന്മാർ ഈ പ്രസിദ്ധീകരണങ്ങളിൽ ലേഖകരായി പ്രത്യക്ഷപ്പെട്ടിരുന്നു. മലയാളത്തിലെ ആദ്യത്തെ സാഹിത്യമാസികയായി അറിയപ്പെടുന്നത് 1881 ൽ തിരുവനന്തപുരത്തുനിന്ന് പ്രസിദ്ധീകരണം തുടങ്ങിയ വിദ്യാവിലാസിനി ആയിരുന്നു. ഇതിന്റെ ഒന്നാംലക്കത്തിൽ കൊടുത്തിരിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങൾ അക്കാലത്തെ പ്രസിദ്ധീകരണങ്ങളുടെ വിപുലമായ ലക്ഷ്യത്തിലേക്കും വിരൽചൂണ്ടുന്നു. എല്ലാത്തരം വൈവിധ്യത്തെയും അഭിസംബോധനചെയ്യുന്നതിൽ ഉത്സുകരായിരുന്നു പത്രപ്രവർത്തകർ എന്ന് ഇതു തെളിയിക്കുന്നു. "ഈ പത്രികയിൽ സാധാരണയായി എഴുതപ്പെടുന്നത് ഭാഷാചരിത്രം, മൃഗചരിത്രം, പ്രകൃത്യാനുകരണങ്ങളായ ഭൂമിശാസ്ത്രം, സന്മാർഗ്ഗപ്രകരണങ്ങൾ, പള്ളിക്കൂടസംബന്ധമായ നിയമങ്ങൾ, കൃഷിശാസ്ത്രം, വാണിജ്യസംബന്ധമായ പ്രമാണങ്ങൾ, ശരീരസൗന്ദര്യത്തെ ഉദ്ദേശിച്ചുള്ള പ്രമേയങ്ങൾ, വൃക്ഷലതാദികളെ സംബന്ധിച്ച ശാസ്ത്രം, യന്ത്രസംബന്ധമായ ശാസ്ത്രം, ഭിന്നകങ്ങളായ അണുക്കൾ തമ്മിൽ ചേർന്നുണ്ടാകുന്ന ഭേദങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന ശാസ്ത്രം ഇത്യാദി പ്രയോജനമുള്ള വിഷയങ്ങളാകുന്നു", (ടി.വേണുഗോപാലൻ, മലയാളപത്രങ്ങൾ നൂറുകൊല്ലം കഴിഞ്ഞപ്പോൾ, സുവർണരേഖ, പു.45) എന്നിങ്ങനെയാണ് ഉള്ളടക്ക പ്രസ്താവന കാണുന്നത്. സ്ത്രീകളുടെ പ്രശ്നങ്ങളെ പരിഗണിച്ചുകൊണ്ടുള്ള വനിതകൾക്കു മാത്രമായുള്ള പ്രത്യേക പ്രസിദ്ധീകരണങ്ങളും പത്തൊൻപതാം നൂറ്റാണ്ടിൽ തന്നെ മലയാളത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നതായി കാണുന്നു. അവയ്ക്ക് മുൻകൈയെടുത്തത് പുരുഷന്മാരാണ്. എന്നിരിക്കിലും 1887 ൽ തിരുവനന്തപുരത്തുനിന്ന് ആരംഭിച്ച 'കേരളസുഗുണബോധിനി'യാണ് മലയാളത്തിലെ ആദ്യത്തെ വനിതാപ്രസിദ്ധീകരണം. അതിനെത്തുടർന്ന് ശാരദ(1904), മഹിളാരത്നം(1916), മഹിള(1921), കുസുമം(1927), വനിതാമിത്രം, സ്ത്രീസഹോദരി, മുസ്ലീംവനിത, വനിതാകുസുമം, ശ്രീമതി തുടങ്ങിയ നിരവധി പ്രസിദ്ധീകരണങ്ങൾ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിലുണ്ടായി. സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ച് ബോധവതികളായിരുന്ന തോട്ടയ്ക്കാട് ഇക്കാവമ്മ, സി.ചിന്നുഅമ്മ തുടങ്ങിയ എഴുത്തുകാരികൾ ഈ പ്രസിദ്ധീകരണങ്ങളിൽ എഴുതിയിരുന്നു. സ്ത്രീവാദപ്രസ്ഥാനത്തെക്കുറിച്ച് കേട്ടറിവുപോലുമില്ലാതിരുന്ന കാലത്താണ് ഇത്തരം പ്രസിദ്ധീകരണങ്ങളും എഴുത്തും സംഭവിച്ചത് എന്നതും ശ്രദ്ധേയമാണ്. ചുരുക്കത്തിൽ മലയാളപത്രപ്രവർത്തനചരിത്രത്തിലെ

ശ്രദ്ധേയമായ കാലമായിരുന്നു പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങൾ. കേരളനവോത്ഥാന ആശയങ്ങളെ പ്രവർത്തി പഥത്തിലെത്തിക്കുന്നതിൽ, വിജ്ഞാനവ്യാപനത്തിൽ, ഭരണകൂടത്തിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ പൊതുവികാരം വളർത്തുന്നതിൽ, ജനാധിപത്യബോധം വളർത്തുന്നതിൽ, ഭാഷയുടെയും ദേശീയതയുടെയും വ്യാപനത്തിൽ, ഹേബർമാസിന്റെ ഭാഷയിൽ പറഞ്ഞാൽ രാഷ്ട്രീയ, സാഹിത്യപൊതുമണ്ഡല രൂപീകരണത്തിൽ പത്തൊൻപതാം നൂറ്റാണ്ടിൽ ഇവിടെയുണ്ടായ പ്രസിദ്ധീകരണങ്ങളെല്ലാം തന്നെ നിസ്തുലമായ പങ്കുവഹിച്ചു. ധീരമായ നിലപാടുകളിലൂടെ അധികാരവർഗ്ഗത്തെ നിലംപരിശാക്കുന്നതിൽ ഇരുപതാംനൂറ്റാണ്ടിലെ പത്രപ്രവർത്തനത്തിന് വീര്യവും ഉശിരും പകരുവാൻ, പത്രപ്രവർത്തനത്തിന്റെ പ്രാരംഭഘട്ടത്തിനു തന്നെ കഴിഞ്ഞിരുന്നു എന്നതാണ് ഈ വസ്തുതകൾ വെളിപ്പെടുത്തുന്നത്.

## പ്രക്ഷോഭങ്ങളുടെ കാലം

ഇരുപതാംനൂറ്റാണ്ടിന്റെ തുടക്കത്തിൽ മലയാളപത്രപ്രവർത്തനം കനൽവഴികളിലൂടെയാണ് സഞ്ചരിച്ചത്. നവോത്ഥാമുന്നേറ്റങ്ങൾക്ക് ഇന്ധനം പകരാനും ദുരധികാര പ്രവണതകളെ വിമർശിക്കുന്നതിലും പത്രങ്ങൾ മുന്നിട്ടിറങ്ങി. ഭരണകൂടത്തിന്റെ പ്രതികാരനടപടികൾക്കു പലർക്കും ഇരയാകേണ്ടി വന്നു. പത്രനിരോധനം, പത്രങ്ങൾ കണ്ടുകെട്ടൽ പത്രാധിപന്മാരെ നാടുകടത്തൽ ഇതൊക്കെ തുടർക്കഥകളായിരുന്നു. പത്രത്തിന്റെ പേര് സ്വന്തം പേരിന്റെ ഭാഗമായിത്തീർന്ന പത്രാധിപർ സ്വദേശാഭിമാനി രാമകൃഷ്ണപ്പിള്ളയാണ് ഭരണകൂടഭീകരതയ്ക്കിരയായിത്തീർന്ന ആദ്യത്തെ പത്രാധിപർ. പത്രപ്രവർത്തന ചരിത്രത്തിലെ ഏറ്റവും ദീപ്തമായ ഓർമ്മയാണ് അദ്ദേഹത്തിന്റെ പത്രപ്രവർത്തനജീവിതം. 1910 ആഗസ്ത് 24 ന് സ്വദേശാഭിമാനി പത്രത്തിൽ രാമകൃഷ്ണപ്പിള്ളയെഴുതിയ 'ഗർഹ്യമായ അടിമത്തം' എന്ന ശീർഷകത്തിൽ ദിവാൻ പി.രാജഗോപാലാചാരിയുടെ ദുരധികാരത്തെ ചോദ്യം ചെയ്തുകൊണ്ടെഴുതി മുഖപ്രസംഗമാണ് രാമകൃഷ്ണപ്പിള്ളയെ നാടുകടത്തികൊണ്ടുള്ള വിളംബരത്തിനു കാരണമായത്. 1910 സെപ്റ്റംബർ 26 നാണ് കുപ്രസിദ്ധമായ വിളംബരം തിരുവിതാംകൂർ രാജാവ് പുറപ്പെടുവിച്ചത്. "തിരുവനന്തപുരത്തു നിന്നും പ്രസിദ്ധം ചെയ്യുന്ന സ്വദേശാഭിമാനി എന്ന വർത്തമാനപത്രത്തെ അമർച്ചചെയ്യുന്നതും ആ പത്രത്തിന്റെ മാനേജിംഗ് പ്രൊപ്രൈറ്ററും എഡിറ്ററുമായ കെ.രാമകൃഷ്ണപ്പിള്ളയെ നമ്മുടെ നാട്ടിൽ നിന്നും നീക്കം ചെയ്യുന്നതും പൊതുജനക്ഷേമത്തിന് ആവശ്യമെന്ന് നമുക്കുബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ മേൽപ്പറഞ്ഞ കെ.രാമകൃഷ്ണപ്പിള്ളയെ ഉടനെ അറസ്റ്റ് ചെയ്ത് നമ്മുടെ സംസ്ഥാനത്തിന്റെ അതിർത്തിക്കു പുറത്താക്കുകയും നാം വേറെവിധം ആജ്ഞാപിക്കുന്നതുവരേയ്ക്കും മേൽപ്പറഞ്ഞ കൃഷ്ണപ്പിള്ള നമ്മുടെ സംസ്ഥാനത്തിൽ തിരികെ വരുകയോ പ്രവേശിക്കുകയോ ചെയ്യുന്നതിനെ വിരോധിക്കുകയും ചെയ്യണമെന്ന് നാം ഇതിനാൽ ആജ്ഞാപിക്കുന്നു. യാതൊരു സ്ഥലത്തും കാണപ്പെടുന്ന സ്വദേശാഭിമാനി എന്ന വർത്തമാനപത്രം അച്ചടിച്ചുവരുന്ന അച്ചടിയന്ത്രവും അതിന്റെ അനുസാരികളും അതിനെ സംബന്ധിച്ച മറ്റ് വസ്തുക്കളും നമ്മുടെ ഗവൺമെന്റിലേക്കു കണ്ടുകിട്ടി എടുപ്പിക്കണമെന്നും നാം ആജ്ഞാപിക്കുന്നു. മേൽ അടങ്ങിയ നമ്മുടെ ആജ്ഞകളെ അനുസരിച്ചോ ആസ്പദമാക്കിയോ അപ്രകാരമെന്നു ഗണിച്ചോ ചെയ്യപ്പെടുന്ന യാതൊരു പ്രവൃത്തിയേയും സംബന്ധിച്ച് നമ്മുടെ ഗവൺമെന്റിന്റെയോ നമ്മുടെ ഗവൺമെന്റിലെ യാതൊരു ഉദ്യോഗസ്ഥന്റെയോ പേരിൽ സിവിലായോ ക്രിമിനലായോ യാതൊരു വ്യവഹാരത്തിനും ഇടയില്ലാത്തതാകുന്നു എന്നുകൂടി നാം ആജ്ഞാപിക്കുന്നു" (സുവർണരേഖ, പു.67) രാമകൃഷ്ണയെ നാടുകടത്തിക്കൊണ്ടും സ്വദേശാഭിമാനി പ്രസ്സ് കണ്ടുകെട്ടിക്കൊണ്ടുമുള്ള രാജവിളംബരം ഇതായിരുന്നു. സ്വാതന്ത്ര്യസമരസേനാനിയും സാമൂഹിക പരിഷ്കർത്താവുമായ വക്കം അബ്ദുൾഖാദർ മൗലവിയുടെ ഉടമസ്ഥതയിൽ 1905 ജനുവരി 19 നായിരുന്നു മലയാളപത്രപ്രവർത്തനചരിത്രത്തിൽ അഭിപ്രായധീരതയുടെ ജിഹ്വയായിരുന്ന സ്വദേശാഭിമാനി ആരംഭിച്ചത്. 1906 ലാണ് രാമകൃഷ്ണപ്പിള്ള പത്രാധിപരായി വന്നത്. "പൊതുജനങ്ങളുടെ ഹിതങ്ങളെയും അവകാശങ്ങളെയും ഗവൺമെന്റിനെ ധരിപ്പിക്കുന്നതിനും

ഗവൺമെന്റിന്റെ നടപടികളെ പൊതുജനങ്ങളെ അറിയിക്കുന്നതിനും ഞങ്ങൾ ജാഗരൂകതയോടെ ഇരിക്കുന്നതാകുന്നു" എന്ന പ്രഖ്യാപനം സ്വദേശാഭിമാനിയുടെ ആദ്യലക്കത്തിൽ കൊടുത്തിരുന്നു. "ഭയകൗടില്യലോഭങ്ങൾ വളർക്കില്ലൊരുനാടിനെ" എന്ന മുഖപ്പേജിലെ മുദ്രയും സ്വദേശാഭിമാനിപത്രത്തെ എന്നും പത്രപ്രവർത്തനത്തിലെ ഒരു ഐക്കൺ ആയി ത്യാഗോജ്ജ്വലമായ ഓർമ്മയായി നിലനിർത്തുന്നു.

സാമൂഹികപരിഷ്കർത്താക്കളും ധിഷണാശാലികളും ത്യാഗബുദ്ധികളും വിജ്ഞാനനിധികളും ദേശസ്നേഹികളുമായ പത്രാധിപന്മാരുടെ ഒരു നീണ്ടനിര തന്നെ ഇരുപതാംനൂറ്റാണ്ടിലെ പത്രപ്രവർത്തനരംഗത്ത് ഉണ്ടായിരുന്നു. സ്വദേശാഭിമാനി രാമകൃഷ്ണപ്പിള്ളയെക്കൂടാതെ, കെ.സി.മാമ്മൻ മാപ്പിള, സി.വി.കുഞ്ഞുരാമൻ, സഹോദരൻ അയ്യപ്പൻ, കെ.പി.കേശവമേനോൻ, കേസരി ബാലകൃഷ്ണപ്പിള്ള എന്നിവർ അവരിൽ ചിലരാണ്. തിരുവിതാംകൂറിൽ ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ ആധുനികമായ പത്രശൈലിയുമായി പ്രത്യക്ഷപ്പെട്ട പത്രമായിരുന്നു കേരളകൗമുദി. സാമൂഹിക രാഷ്ട്രീയ പ്രവർത്തകനും മികച്ച ഗദ്യകാരനുമായ സി.വി.കുഞ്ഞുരാമനാണ് 1911 ൽ കേരളകൗമുദി സ്ഥാപിച്ചത്. നവോത്ഥാന ആചാര്യനായിരുന്ന ശ്രീനാരായണഗുരുവിന്റെ ദർശനങ്ങളെ സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിൽ മുൻകൈയെടുത്ത സഹോദരൻ അയ്യപ്പനാണ് പത്രങ്ങളിലൂടെ സാമൂഹികപരിവർത്തനം സാധ്യമാക്കിയ മറ്റൊരു പത്രാധിപർ. ചെറായിയിൽ നിന്ന് 1917 ൽ പ്രസിദ്ധീകരിച്ച 'സഹോദരൻ' എന്ന പത്രം കേരള പത്രചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. സാമുദായികസമത്വം, യുക്തിവാദം, സോഷ്യലിസം, മിശ്രവിവാഹം, ക്ഷേത്രപ്രവേശനം, തൊഴിലാളികളുടെ ഉന്നമനം തുടങ്ങിയ സാമൂഹികപ്രാധാന്യമുള്ള വിഷയങ്ങൾ സഹോദരൻ പത്രത്തിലൂടെ തീവ്രമായി ഉന്നയിക്കപ്പെട്ടു. ആധുനികമായ ഒരു സമൂഹസൃഷ്ടിക്കായുള്ള ധീരമായ ഇടപെടലുകൾ തന്നെയാണ് അയ്യപ്പന്റെ 'സഹോദരൻ' പത്രം നടത്തിയത് എന്നുകാണാം. തൊഴിലാളികൾക്കുവേണ്ടി 'വേലക്കാരൻ' (1933) സ്ത്രീസ്വാതന്ത്ര്യ ആശയങ്ങൾ പ്രചരിപ്പിക്കാൻ 'സ്ത്രീ' (1933) എന്നീ പ്രസിദ്ധീകരണങ്ങളും അദ്ദേഹം ഇറക്കിയിരുന്നു. ദേശീയ സ്വാതന്ത്ര്യപ്രക്ഷോഭങ്ങളുടെയും സാമൂഹിക രാഷ്ട്രീയ പരിവർത്തനങ്ങൾക്കു വേണ്ടിയുള്ള ബഹുവിധ സമരങ്ങളുടെയും മനുഷ്യാവകാശപോരാട്ടങ്ങളുടേയും കാലമായിരുന്നു ഇരുപതാംശതകത്തിന്റെ ആദ്യദശകങ്ങൾ എല്ലാതരത്തിലുള്ള സാമൂഹിക മുന്നേറ്റങ്ങൾക്കും ചാലകശക്തിയായി പ്രവർത്തിച്ചത് പത്രങ്ങളായിരുന്നു. പ്രക്ഷോഭനേതാക്കൾ, തങ്ങളുടെ ആശയങ്ങൾ ജനങ്ങളിലെത്തിക്കുവാൻ പത്രങ്ങൾ ഏറ്റവും സഫലമായ മാധ്യമമായികണ്ടു. വ്യക്തികളുടെയും സംഘടനകളുടെയും കൂട്ടായ്മയിൽ നിരവധി പത്രങ്ങൾ ഈ കാലഘട്ടത്തിലുണ്ടായി. അഗ്നിപരീക്ഷകളെ അതിജീവിച്ചതിന്റെ കഥകളാണ് ഇവയ്ക്ക് പറയാനുള്ളത്. ടി.കെ.മാധവൻ, ടി.കെ.നാരായണൻ എന്നിവരുടെ ഉത്സാഹത്തിൽ 1915 ൽ കൊല്ലത്തു നിന്ന് പ്രസിദ്ധീകരണം തുടങ്ങിയ പത്രമാണ് ദേശാഭിമാനി. മലബാറിൽ ദേശസ്നേഹികളും ഗാന്ധിഭക്തരും ചേർന്ന് പിരിച്ചെടുത്ത പണം കൊണ്ട് ആരംഭിച്ച പത്രമാണ് മാതൃഭൂമി (1923) വ്യക്തമായ സാമൂഹിക രാഷ്ട്രീയ ലക്ഷ്യങ്ങളുണ്ടായിരുന്ന മാതൃഭൂമി കേരളനവോത്ഥാനനിർമ്മിതിയിൽ അതിപ്രധാനമായ പങ്കുവഹിച്ചു. കെ.പി.കേശവമേനോൻ ആയിരുന്നു ആദ്യപത്രാധിപർ, കേരളഗാന്ധി എന്നറിയപ്പെടുന്ന കെ.കേളപ്പൻ, കുറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് എന്നിവരായിരുന്നു മാതൃഭൂമിയുടെ ആദ്യകാലസാരഥികൾ. കൊളോണിയൽ ഭരണകൂടത്തിന്റെ അച്ചടക്കനടപടികൾക്ക് മാതൃഭൂമി നിരവധി തവണ ഇരയായിട്ടുണ്ട്. പല പത്രാധിപന്മാരും ജയിലടക്കപ്പെട്ടിട്ടുണ്ട്. കെ.എ.ദാമോദരമേനോൻ എന്ന പത്രാധിപരെ, പത്രാധിപ ക്കസേരയിൽ നിന്ന് അറസ്റ്റു ചെയ്തുകൊണ്ടുപോയ ചരിത്രവും മാതൃഭൂമിക്കുണ്ട്. കേരളത്തിൽ ആധുനികമായ രാഷ്ട്രീയസംസ്കാരവും സാഹിത്യസംസ്കാരവും രൂപീകരിക്കുന്നതിൽ നിസ്തുലമായ പങ്കുവഹിച്ച പത്രങ്ങളിലൊന്നാണ് മാതൃഭൂമി.

കേരളനവോത്ഥാനത്തിന്റെ ധൈഷണികകേന്ദ്രമായി പ്രവർത്തിച്ചിരുന്ന പത്രാധിപരായിരുന്നു കേസരി എ.ബാലകൃഷ്ണപിള്ള (1889-1960) സമദർശി (1918) എന്ന വാരികയുടെ പത്രാധിപരായി പത്രപ്രവർത്തനരംഗത്തെത്തിയ അദ്ദേഹം തിരുവിതാംകൂർ

ഭരണകൂടവുമായി നിരന്തരം ഏറ്റുമുട്ടിക്കൊണ്ടിരുന്നു. അദ്ദേഹത്തിന്റെ വാരികയുടെ ലൈസൻസ് പലപ്പോഴും റദ്ദാക്കപ്പെട്ടു. ഒന്നു റദ്ദാക്കുമ്പോൾ മറ്റൊരു വാരികയുമായി അദ്ദേഹം രംഗപ്രവേശം ചെയ്യും. അങ്ങനെ ഭരണാധികാരികൾക്ക് നിരന്തരം തലവേദന സൃഷ്ടിച്ചിരുന്നു. പ്രബോധകൻ (1930) എന്ന വാരികയുടെ ലൈസൻസ് റദ്ദു ചെയ്തതിനു ശേഷമാണ് അദ്ദേഹം കേസരി (1930) എന്ന വാരിക തുടങ്ങിയത്. പത്രറെഗുലേഷനിൽ പ്രതിഷേധിച്ച് 1932 ൽ ഇത് നിർത്തി. പിന്നീട് രാഷ്ട്രീയപത്രപ്രവർത്തനത്തിൽ നിന്ന് വിരമിച്ച് സാഹിത്യനിരൂപണം, ചരിത്രഗവേഷണം എന്നിവയിൽ മുഴുകി. ബഹുഭാഷാപണ്ഡിതൻ കൂടിയായിരുന്ന കേസരിയിലൂടെയാണ് വിശ്വസാഹിത്യത്തിലെ മഹത്തായ കൃതികളും പ്രസ്ഥാനങ്ങളും പ്രവണതകളും മലയാളസാഹിത്യം പരിചയപ്പെട്ടത്. ആധുനികതയിലേക്കുള്ള സാഹിത്യസംസ്കാരത്തിന്റെ വളർച്ചയ്ക്ക് കേസരിയുടെ സംഭാവനകൾ വിലമതിക്കാനാവാത്തതാണ്. ദേശീയസ്വാതന്ത്ര്യസമരത്തെ പിന്തുണയ്ക്കുകയും കേരളത്തിലെ നവോത്ഥാന സമരങ്ങളെ അനുകൂലിക്കുകയും ചെയ്തിട്ടുള്ള എല്ലാ പത്രങ്ങൾക്കും ഭരണകൂടനടപടികൾക്ക് വിധേയരാകേണ്ടി വന്നിട്ടുണ്ട് എന്നതാണ് ഈ കാലത്തെ പത്രചരിത്രം പരിശോധിച്ചാൽ വ്യക്തമാകുന്ന സംഗതി. തിരുവിതാംകൂറിലെ ഉത്തരവാദിത്വഭരണപ്രക്ഷോഭത്തിനെ പിന്തുണച്ചതിനാണ് ദിവാൻ സി.പി.രാമസ്വാമി അയ്യർ, മനോരമദിനപത്രവും അതിന്റെ പ്രസ്സും കണ്ടുകെട്ടുകയും പത്രാധിപരായ മാമ്മൻമാപ്പിളയെ ജയിലടയ്ക്കുകയും ചെയ്തത്. അതുപോലെ സ്വാതന്ത്ര്യസമരത്തെ അനുകൂലിച്ചതിന്റെ പേരിൽ നടപടി നേരിട്ട മറ്റൊരു പ്രസിദ്ധീകരണമായിരുന്നു പ്രഭാതം (1934) കോൺഗ്രസ്സ് സോഷ്യലിസ്റ്റു പാർട്ടിയുടെ മുഖപത്രമെന്ന നിലയിൽ ആരംഭിച്ച വാരികയുടെ പത്രാധിപർ ഇ.എം.ശങ്കരൻ നമ്പൂതിരിപ്പാടായിരുന്നു. ഭഗത്സിംഗിനെക്കുറിച്ച് ചൊവ്വരപരമേശ്വരൻ എഴുതിയ കവിത പ്രസിദ്ധീകരിച്ചതിന്റെ പേരിലായിരുന്നു ഈ വാരികയുടെ ലൈസൻസ് റദ്ദാക്കിയത്. ഇങ്ങനെ സ്വാതന്ത്ര്യസമരത്തിനും പൗരാവകാശ പ്രക്ഷോഭങ്ങൾക്കും പിന്തുണ നൽകിക്കൊണ്ട് അവകാശബോധമുള്ള ഒരു പൗരസമൂഹത്തെ സൃഷ്ടിക്കുന്നതിൽ അക്കാലത്തെ പത്രങ്ങൾ ഏറെ ത്യാഗം സഹിച്ചു. ദേശീയ നേതാക്കൾ തന്നെയായിരുന്നു പത്രങ്ങൾ സ്ഥാപിക്കുന്നതിൽ മുൻപന്തിയിൽ നിന്നിരുന്നത്. കേരളത്തിലെ പ്രമുഖദേശീയ നേതാക്കളിൽ ഒരാളായിരുന്നു മുഹമ്മദ് അബ്ദുറഹിമാൻ 1924 ഒക്ടോബറിൽ കോഴിക്കോട് നിന്ന് പ്രസിദ്ധീകരിച്ചു തുടങ്ങിയ പത്രമാണ് അൽ-അമീൻ, ദേശീയ പ്രസ്ഥാനത്തെ ശക്തിപ്പെടുത്തുക എന്നതായിരുന്നു ഈ പത്രത്തിന്റെ പ്രഖ്യാപിത ലക്ഷ്യം. കെ.ജി.ശങ്കർ ആരംഭിച്ച മലയാളരാജ്യം (1929), എം.മാത്തുണ്ണിയുടെയും ശങ്കരത്തിൽ ശങ്കരപ്പിള്ളയുടെയും പത്രാധിപത്യത്തിൽ, കോൺഗ്രസ്സ്സന്ദേശം പ്രചരിപ്പിക്കുന്നതിനുവേണ്ടി പ്രസിദ്ധീകരിച്ച ഭജേഭാരതം (1923) എന്നിവയും ഗണനീയമാണ്. ഇതിന്റെ പത്രാധിപന്മാരെ രാജ്യദ്രോഹക്കേസ്സിൽ പെടുത്തി ജയിലിലടച്ചതും ചരിത്രസംഭവമാണ്.

1940-50 കളിൽ കേരളത്തിൽ രാഷ്ട്രീയ സംഘടനാപ്രവർത്തനം ശക്തമാവുകയും അവയുടെ ആശയപ്രചരണത്തിനായി പാർട്ടിനിയന്ത്രണത്തിൽ പത്രങ്ങൾ ആരംഭിക്കുകയും ചെയ്തു. ഇതാണ് കേരളപത്രചരിത്രത്തിലെ ഒരു പ്രധാനവഴിത്തിരിവ്. മുസ്ലീംലീഗിന്റെ മുഖപത്രമായ ചന്ദ്രിക (1934) തലശ്ശേരിയിൽ നിന്ന് പ്രസിദ്ധീകരണം തുടങ്ങി. പിന്നീട് ആസ്ഥാനം കോഴിക്കോട്ടേക്ക് മാറ്റി വാരികയായി തുടങ്ങി. 5 വർഷത്തിനു ശേഷം ദിനപത്രമായി. എറണാകുളം ആർച്ചുബിഷപ്പിന്റെ ഉടമസ്ഥതയിൽ 1936 ൽ തുടങ്ങിയ മലബാർ മെയിൽ, കോൺഗ്രസ്സ് നേതാവായിരുന്ന സി.എം.സ്റ്റീഫൻ 1938 ൽ തുടങ്ങിയ പൗരപ്രഭ, ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി കേരളഘടകത്തിന്റെ മുഖപത്രമായ ദേശാഭിമാനി (1942) എന്നിവ ഈ കാലഘട്ടത്തിൽ ആവിർഭവിച്ച പ്രധാനപത്രങ്ങളാണ്. 1964 ൽ കമ്മ്യൂണിസ്റ്റ് പാർട്ടി രണ്ടായി പിളർന്നപ്പോൾ ദേശാഭിമാനി സി.പി.എം ഘടകത്തിന്റേതായി. പിന്നീട് സി.പി.ഐ വിഭാഗം ജനയുഗം എന്ന പത്രം തുടങ്ങി. കേരളത്തിലെ കോൺഗ്രസ്സിന്റെ മുഖപത്രമായിരുന്നു വീക്ഷണം. കെ.കൃഷ്ണൻ സ്ഥാപിച്ച് തൃശ്ശൂരിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന എക്സ്പ്രസ്സ് (1944), കെ.കെ.കുരുവിളയുടെ കേരളഭൂഷണം, ജോസഫ് മുണ്ടശ്ശേരിയുടെ നവജീവൻ, ബി.സി.വറുഗീസ്, വറുഗീസ് കളത്തിൽ, കെ.എ.ദാമോദര മേനോൻ എന്നിവർ നടത്തിയ പൗരശക്തി എന്നിവയൊക്കെ ചരിത്രത്തിന്റെ ഭാഗമായിത്തീർന്ന പത്രങ്ങളാണ്.

## മൂല്യത്തകർച്ചയുടെ കാലം

സ്വാതന്ത്ര്യാനന്തരം പത്രപ്രവർത്തനത്തിന്റെ ധാർമ്മികവും സാമൂഹികവുമായ മൂല്യങ്ങൾക്ക് അപചയം നേരിട്ടു. സമുന്നതമായ ഒരു സാമൂഹികലക്ഷ്യത്തിനുവേണ്ടി നിലകൊണ്ടിരുന്ന പത്രങ്ങൾ കച്ചവടസംസ്കാരത്തിനും മുതലാളിത്തതാല്പര്യങ്ങൾക്കും വിധേയമായി. കേരളസാമൂഹിക-രാഷ്ട്രീയ ജീവിതത്തിന്റെ വികസനഘട്ടങ്ങളിലെല്ലാം മലയാളപത്രങ്ങളുടെ ഭാഗത്തുനിന്ന് നിർണ്ണായക ഇടപെടലുകൾ ഉണ്ടായിട്ടുണ്ട് എന്നത് പഴങ്കഥയായി. ഭരണസംവിധാനത്തിലെ നാലാമതുഘടകം (Fourth Estate) എന്നത് വർത്തമാനപത്രങ്ങളെക്കുറിച്ച് നിലനിന്നിരുന്ന ഒരു വിശ്വാസമായിരുന്നു. ബ്രിട്ടീഷ് പാർലമെന്റേറിയനായിരുന്ന എഡ്മണ്ട്ബർക്ക് ആയിരുന്നു വർത്തമാനപത്രങ്ങളെ ഫോർത്ത് എസ്റ്റേറ്റ് എന്നു വിശേഷിപ്പിച്ചത്. ബ്രിട്ടീഷിന്ത്യയിലെ ആദ്യത്തെ ഗവർണർ ജനറലായിരുന്ന വാറൻഹേസ്റ്റിംഗിനെ വിചാരണ ചെയ്തുകൊണ്ട് ബ്രിട്ടീഷ് പാർലമെന്റിൽ എഡ്മണ്ട്ബർക്ക് നടത്തിയ ചരിത്രപ്രസിദ്ധമായ പ്രസംഗത്തിനിടയിലാണ് Yonder sits the fourth estate എന്ന് പത്രക്കാരെ ചൂണ്ടി വിശേഷിപ്പിച്ചത്. ബ്രിട്ടീഷ് സമൂഹത്തിൽ പത്രങ്ങൾ നേടിയിരുന്ന പ്രാധാന്യമാണ് ഈ പരാമർശം വ്യക്തമാക്കുന്നത്. ഗവൺമെന്റിന്റെ ചെയ്തികളെ വിമർശിച്ചും തെറ്റുതിരുത്താനാവശ്യമായ നിർദ്ദേശങ്ങൾ ചൂണ്ടിക്കാട്ടിയും ഇന്ത്യയിലും പത്രങ്ങൾ നാലാംഘടകം എന്ന പദവി നേടിയിരുന്നു. എന്നാൽ സ്വാതന്ത്ര്യാനന്തരം വളർന്നു വികസിച്ച അവിശുദ്ധരാഷ്ട്രീയ കൂട്ടുകെട്ടും കച്ചവടതാല്പര്യങ്ങളും ജനാധിപത്യത്തിന്റെ നാലാംഘടകം എന്ന പദവിക്ക് മങ്ങലേൽക്കാൻ ഇടയായി എന്നുപറയാം. പലപ്പോഴും സാമൂഹികപ്രശ്നങ്ങളിൽ ജൂഡീഷ്യറിയുടെ ഇടപെടൽ ആവശ്യമായി വരുന്നു. സ്വാതന്ത്ര്യാനന്തരം അച്ചടി സാങ്കേതികരംഗത്തുണ്ടായ പുതിയ കണ്ടുപിടുത്തങ്ങൾ അച്ചടിയെ ഒരു വൻ വ്യവസായമായി വളർത്തി. അച്ചുകൾ പെറുക്കിവെച്ചുള്ള കമ്പോസിംഗ് ആയിരുന്നു ആദ്യകാലത്ത്. ഏറെ ക്ലേശകരമായിരുന്നു ആദ്യകാലത്തെ അച്ചടി. എന്നാൽ 1950 കളിൽ റോട്ടറി പ്രസ്സുകൾ വന്നു. ഫാക്സിമിലിഎഡിഷനിൽ നിന്ന് ഓൺലൈൻ ഡിജിറ്റൽ സാങ്കേതികവിദ്യയിലേക്ക് ഇന്ന് അച്ചടിമാധ്യമങ്ങൾ വളർന്നിരിക്കുന്നു. ദൃശ്യമാധ്യമങ്ങളുടെ തള്ളിക്കയറ്റം അച്ചടിമാധ്യമങ്ങളെ കളംവിടാൻ പ്രേരിപ്പിക്കുമെന്നു കരുതിയിരുന്നെങ്കിലും, കേരളത്തിൽ അച്ചടിമാധ്യമങ്ങളുടെ പ്രഭാവത്തിന് മങ്ങലേറ്റിട്ടില്ല. നവമാധ്യമങ്ങളുടെ സർവ്വസ്വീകാര്യത, എല്ലാ മാധ്യമങ്ങളെയും കൂടുതൽ ജാഗരൂകരാക്കിയിട്ടുണ്ട്. വാർത്തകൾ തമസ്കരിക്കുവാനോ കണ്ടില്ലെന്നു നടിക്കുവാനോ ഇന്ന് ഒരു മാധ്യമത്തിനും കഴിയില്ല. മാധ്യമഅധീശത്വം ഏറെക്കുറെ ഇല്ലാതായിട്ടുണ്ടെന്നു പറയാം. കേരളത്തിന്റെ മാധ്യമചരിത്രത്തിൽ പത്രങ്ങൾ സാമൂഹിക പരിവർത്തനത്തിന്റെ ചാലകശക്തിയായി പ്രവർത്തിച്ച കാലം കടങ്കഥയായി. ഇന്ത്യയുടെ രാഷ്ട്രീയ സ്വാതന്ത്ര്യത്തിലൂന്നി പ്രവർത്തിച്ചിരുന്ന സാമൂഹിക പ്രവർത്തനത്തിന്റെ ഭാഗമായി രംഗപ്രവേശം ചെയ്ത മാധ്യമങ്ങളിൽ ഇന്ന് അടക്കിവാഴുന്നത് സാങ്കേതികവൈദഗ്ധ്യമാണ്, മൂല്യബോധമല്ല. ചരിത്രാവബോധം പുതിയൊരു മാധ്യമസംസ്കാരത്തിന്റെ നിർമ്മിതിക്ക് അനിവാര്യമാണ്. സാമൂഹിക വൈരുദ്ധ്യങ്ങളും അനീതിയും അഴിമതികളും തുടച്ചുനീക്കപ്പെടണമെങ്കിൽ മാധ്യമങ്ങളുടെ ജാഗ്രതയോടെയുള്ള ഇടപെടൽ അനിവാര്യമാണ്. രാഷ്ട്രീയസ്വാതന്ത്ര്യം ലഭിച്ചുവെങ്കിലും സമൂഹത്തിന്റെ വിഭിന്ന തലങ്ങളിൽ ഇന്നും പലതരം ആധിപത്യങ്ങളും അധിനിവേശങ്ങളും നിലനിൽക്കുന്നു. ഈ തിരിച്ചറിവ് പത്രപ്രവർത്തനത്തിന്റെ മനുഷ്യപ്പറ്റിനെ തിരിച്ചുകൊണ്ടു വരേണ്ടതിന്റെ ആവശ്യത്തിലേക്ക് വിരൽചൂണ്ടുന്നു.

## Conclusion

ഏതൊരു സമൂഹത്തെയും ആധുനികതയിലേക്കു വളർത്തിയത് അച്ചടി മാധ്യമങ്ങളാണെന്നു കാണാം. സംസ്കാരചരിത്രത്തിലെ ദീർഘമായ ഒരു കാലയളവാണ്, ഗുട്ടൻബർഗ് യുഗമെന്ന് മാർഷൽ മക്ലൂഹൻ വിശേഷിപ്പിച്ച അച്ചടിമാധ്യമകാലം. പാശ്ചാത്യമിഷനറിമാരിലൂടെയാണ് അച്ചടിയും പത്രമാസികാനിർമ്മാണവും കേരളത്തിലെത്തുന്നത്. അച്ചടിയുടെയും വിദ്യാഭ്യാസത്തിന്റെയും പ്രചാരമാണ് കേരളത്തിൽ

നവോത്ഥാനത്തിന് ശിലപാകിയത് എന്നു കാണാം. കൊളോണിയൽ ആധുനികത കേരളീയ സമൂഹത്തെ നൂതന സാമൂഹികബോധത്തിലേക്കു വളർത്തി. കേരളീയ സമൂഹത്തിന്റെ സമസ്ത തലങ്ങളെയും ഇളക്കിമറിച്ച പ്രക്ഷോഭങ്ങളുടെ ഫലമായിരുന്നു നവോത്ഥാനം അതിന്റെ ഭാഗമായ ആധുനികത ഇവിടെ യാഥാർത്ഥ്യമാകാൻ കാരണം, ദശകങ്ങൾ നീണ്ട രാഷ്ട്രീയ സാംസ്കാരിക പദ്ധതിയിലൂടെയാണ്. അതിൽ നിർണ്ണായക ശക്തിയായി വർത്തിച്ചത് അച്ചടിമാധ്യമങ്ങളായിരുന്നു. പ്രത്യേകിച്ച് പത്രമാസികകളായിരുന്നു. കേരളനവോത്ഥാനം ഒരർത്ഥത്തിൽ അച്ചടിയിലൂടെ നിർമ്മിക്കപ്പെട്ടതാണെന്നു പറയുന്നത് അതുകൊണ്ടാണ്. ഈയൊരു ചരിത്രാവബോധം ഉണ്ടാകേണ്ടത് പുതിയൊരു മാധ്യമസംസ്കാരത്തിന്റെ സൃഷ്ടിക്ക് അനിവാര്യമാണെന്ന് ഈ അന്വേഷണം വ്യക്തമാക്കുന്നു.

## References

GovindaPillai. P., (2012), Kerala Navodhanam Madhyamaparvam, Trivandrum, Chintha Publishers, Kerala, India

Puthuppally Raghavan (2008), Kerala Pathrpravarthana Charithram, Trissur, Kerala Sahithya Academy, India

Robin Jefry (2004), Newspaper Revolution in India, Trivandrum, Kerala Bhasha Institute, Kerala, India

## Funding

No funding was received for conducting this study.

## Does this article screened for similarity?

Yes

## Conflict of interest

The author has no conflicts of interest to declare that they are relevant to the content of this article.

## About the License

© The author 2021. The text of this article is open access and licensed under a Creative Commons Attribution 4.0 International License

**Cite this Article**

R. Chandrabose, The role of print media in Kerala Renaissance, Indian Journal of Multilingual Research and Development, Vol 2, Iss 3 (2021) 1-12. DOI: https://doi.org/10.34256/ijmrd2131